# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2648 19.07.2011 ൽ മറുപടിക്ക്

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ<br>(എം.എൽ.എ) | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഏതൊക്കെ വിഭാഗത്തിൽ പ്പെട്ടവർക്കാണ് ധസഹായം അനുവദിക്കുന്ന തെന്ന് വ്യക്തമാക്കാമോ; | എ) വാർഷിക വരുമാനം 20,000/- ൽ താഴെ യുള്ളവരുടെ മാരക രോഗങ്ങൾക്ക് ചികിത്സാ ധനസഹായം, അപകടങ്ങളിൽ പരിക്കേറ്റവർക്കും അപകട മരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർക്കും അടിയന്തിര ധനസഹായം, തൊഴിൽ കുഴപ്പമുണ്ടാകുമ്പോൾ ദുരിതത്തിലാ കുന്ന തൊഴിലാളികൾക്ക് സൗജന്യ റേഷൻ എന്നിവയ്ക്ക് മുഖ്യന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചു വരുന്നുണ്ട്. |
| (ബി) ജനറൽ വിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം, ബി.പി.എൽ, എ.പി.എൽ എന്നിങ്ങനെ തരംതിരിച്ച് ധനസഹായം നൽകുന്നുണ്ടോ; വിശദവിവരം വ്യക്തമാക്കുമോ; | ബി) ഇല്ല |
| (സി) അപകടമരണം, പാമ്പ് കടിയേറ്റ് മരണം, പ്രകൃതിക്ഷോഭം വഴിയുള്ള മരണങ്ങൾ ഇവയ്ക്ക് പരമാവധി എത്ര രൂപവരെ ധനസഹായം ലഭിക്കുമെന്നും ഇതിനായി എന്തൊക്കെ രേഖകൾ ഇവർ ഹാജരാക്കണമെന്നും വ്യക്തമാക്കാമോ; | സി) സാധാരണയായി അപകടമരണങ്ങൾക്ക് പരമാവധി 30,000/- രൂപയാണ് നൽകിവരുന്നത്. എന്നാൽ ദുരന്തത്തിന്റെ ഗൗരവം കണക്കി ലെടുത്ത് മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി കൂടുതൽ തുക അനുവദിക്കാറുണ്ട്.<br>വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/ റോഡപകടം പോലുള്ള ദാരുണ മായ അപകടങ്ങളിൽ മരണം സംഭവിക്കുന്ന വരുടെ കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി രണ്ടു ലക്ഷം രൂപ വീതം എന്ന |

നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

സ്പോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നുണ്ട്.

എഫ്.ഐ.ആർ, മരണ സർട്ടിഫിക്കറ്റ്, പോസ്റ്റ്മാർട്ടം റിപ്പോർട്ട് എന്നിവയുടെ പകർപ്പുകൾ ഹാജരാക്കണം. പാമ്പുകടിയേറ്റുള്ള മരണത്തിന് വനം വകുപ്പ് ഒരു ലക്ഷം രൂപ വരെ നൽകുന്നതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എല്ലാ കേസിലും ധനസഹായം നൽകുന്നില്ല.

പ്രകൃതിക്ഷോഭം മൂലം മരണമടയുന്ന വരുടെ കുടുംബത്തിന് 1 ലക്ഷം രൂപ കലാമിറ്റി റിലീഫ് ഫണ്ടിൽ (CRF) നിന്നും നൽകി വരുന്നുണ്ട്.

**(ഡി)** ഏറ്റവും കൂടിയ ചികിത്സാ ധനസഹായ തുക എത്രയാണ്. പ്രധാന മന്ത്രിയുടെ ചികിത്സാ സഹായം കിട്ടുന്ന വർക്ക് മുഖ്യമന്ത്രിയുടെ സഹായവും ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കാ മോ;

ഡി) സാധാരണ നിലയിൽ മാരക രോഗങ്ങൾക്ക് പരമാവധി 5,000/- രൂപയാണ് ചികിത്സാ ധസഹായമായി നൽകുന്നത്. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി കൂടുതൽ തുക അനുവദിക്കാറുണ്ട്. ഇതിന് പരിധിയില്ല. പ്രധാനമന്ത്രിയുടെ ചികിത്സാ സഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായം ലഭ്യമാകുന്നതിന് തടസ്സമാകാറില്ല.

(ഇ) റോഡപകടങ്ങളിൽ മരണപ്പെടുന്ന വർക്ക് പ്രസ്തുത ധനസഹായം ലഭിക്കുമോ. എങ്കിൽ പരമാവധി എത്ര തുകയെന്നും ഇതിനായി എന്തൊക്കെ രേഖകൾ ഹാജരാക്കണമെന്നും വ്യക്തമാക്കാമോ?

ഇ) ലഭിക്കും. എല്ലാ അപകടങ്ങൾക്കും ഒരേ മാനദണ്ഡപ്രകാരമാണ്ധനസഹായം നൽകുന്നത്. എഫ്.ഐ.ആർ, മരണ സർട്ടിഫിക്കറ്റ്, പോസ്റ്റ്മാർട്ടം റിപ്പോർട്ട് എന്നീ രേഖകളുടെ പകർപ്പ് അക്ഷേയോടൊപ്പം ഹാജരാക്കണം.

**സെക്ഷൻ ഓഫീസർ**

—-